പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1595 | 16.03.2015-ൽ മറുപടിക്ക്

മിസ്റ്റ്

ചോദ്യം

ശ്രീ.കെ.എം.ഷാജി
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.പി.ഉബൈദുള്ള

മറുപടി

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) മൈക്രോ ലവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്റ്റ്) പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്തെ കർഷകർക്ക് സർവ്വെ നമ്പർ അടിസ്ഥാനത്തിൽ തങ്ങളുടെ ഭൂമിയിലെ മണ്ണിനെ സംബന്ധിക്കുന്ന സൂക്ഷ്മതല വിവരങ്ങൾ ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുന്നതിനായി മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്റ്റ്). തൃശ്ശൂർ, വയനാട് ജില്ലകളിലെ എല്ലാ പഞ്ചായത്തുകളുടെയും ഫീൽഡ് തല മണ്ണുപര്യവേഷണ പ്രവർത്തനങ്ങളും മണ്ണ് സാമ്പിളുകളുടെ രാസ ഭൗതിക പരിശോധനകളും പൂർത്തീകരിച്ച് വിവിധ തരത്തിലുള്ള ഭൂപടങ്ങൾ ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കി ഓരോ പഞ്ചായത്തിന്റെയും ഭൂപടങ്ങളും അനുബന്ധ വിവരങ്ങളും വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഏതൊക്കെ ജില്ലകളിൽ ഇതു സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആദ്യഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണുപര്യവേഷണം പൂർത്തീകരിച്ച് ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കി കഴിഞ്ഞു. രണ്ടാം ഘട്ടമായി ഇടുക്കി മലപ്പുറം ജില്ലകളുടെ സൂക്ഷ്മതല വിശദ മണ്ണുപര്യവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ ഉപദേശവും സഹായവും നൽകാൻ തക്കവിധം കൃഷിഭവനുകളിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി) മിസ്സിലെ വിവരങ്ങൾ ഓൺലൈനിലൂടെ ഫലപ്രദമായി അപഗ്രഥിച്ച് ഓരോ ഉപയോക്താവിനും ആവശ്യമുള്ള വിവരങ്ങൾ വേർതിരിച്ചെടുക്കാൻ സഹായകമാകുന്ന പരിശീലനം കൃഷി ഭവനിലെ ഉദ്യോഗസ്ഥർക്ക് നൽകുവാനും, ഈ പരിശീലനത്തിലൂടെ ഓരോ പഞ്ചായത്തിലേയും കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥർക്ക് ഓരോ കർഷകന്റെയും കൃഷിയിടത്തിലെ വിവരങ്ങൾ മിസ്സിൽ നിന്നും മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ തുണ്ടു ഭൂമിക്കും വേണ്ട ശാസ്ത്രീയമായ പരിപാലന മുറകൾ നടപ്പിലാക്കുന്നതിന് വേണ്ടുന്ന ഉപദേശവും സഹായവും നൽകുവാനും കഴിയും .

സെക്ഷൻ ഓഫീസർ